കൈത്തറി മേഖലയിലെ നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ്-കൈത്തറി റിബേറ്റ്

193(2395) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ സാമ്പത്തികവർഷവും കൈത്തറി മേഖലയിലെ നെയ്ത്ത് തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ സാമ്പത്തികവർഷവും കൈത്തറി റിബേറ്റ് ഇനത്തിൽ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക ലക്ഷം രൂപയിൽ)

വർഷം	പ്രഖ്യാപിച്ച തുക	ചെലവായ തുക
2011-12	...	...
2012-13	200.00	71.98
2013-14	200.00	200.00
2014-15	300.00	300.00
2015-16 (ഒക്ടോബർ വരെ)	225.00	125.00

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ സാമ്പത്തിക വർഷവും കൈത്തറി റിബേറ്റിനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	ബഡ്ജറ്റ് പ്രൊവിഷൻ	അനുവദിച്ച തുക
2011-12	4,00,00,000	4,00,00,000
2012-13	5,50,00,000	5,49,99,406
2013-14	4,00,00,000	3,99,98,805
2014-15	4,40,00,000	4,40,00,000
2015-16	4,84,00,000	4,67,48,755

LIBRARY ARCHIVES Kerala Legislative Assembly